# Practical Guidance for Market Participants in the Gold and Precious Metals Industry

Version 1 - April, 2012

Sponsored By

MALABAR
GOLD & DIAMONDS

പരിഭാഷപ്പെടുത്തിയ പതിപ്പിൽ എന്തെങ്കിലും അന്തരം ഉണ്ടെങ്കിൽ, ഡിഎം
സിസി വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ഡിഎംസിസി മാർഗ്ഗന
ിർദ്ദേശത്തിന്റെ ഇംഗ്ലീഷ് പതിപ്പിനു തന്നെയായിരിക്കും പ്രാമുഖ്യം.

DMCC
DUBAI MULTI
COMMODITIES CENTRE
*Government of Dubai*

# ഉള്ളടക്കം

**അവതരണം** **1**

**Step-1** **3-6**
- കരുത്തുള്ള കമ്പനി സപ്ളൈ ചെയിൻ സംവിധാനങ്ങൾ സ്ഥാപിക്കുക

**Step-2** **6-10**
- സപ്ലൈ ചെയിനിലെ അപകടങ്ങൾ തിരിച്ചറിയുകയും വിലയിരുത്തുകയും

**Step-3** **11-12**
- അപകടത്തിന്റെ ഉപശമനത്തിന്/നിയന്ത്രണത്തിനുള്ള ഒരു പദ്ധതി വികസിപ്പിച്ച് നടത്തുക

**Step-4** **12-13**
- സ്വർണ്ണത്തിനും മറ്റ് അമൂല്യ ലോഹങ്ങൾക്കും കമ്പനിയുടെ ജാഗ്രതാ വഴക്കങ്ങൾക്കനുസരണമായ ഒരു സ്വതന്ത്രമായ ഓഡിറ്റ് മൂന്നാം കക്ഷി മുഖേന നടപ്പിലാക്കുക

**Step-5** **13**
- ഉത്തരവാദിത്വപരമായി സപ്ളൈ ചെയിൻ ജാഗ്രത റിപ്പോർട്ടു ചെയ്യുക

# അവതരണം

**ലക്ഷ്യവും സംക്ഷിപ്ത വിവരണവും**

ഈ പ്രായോഗിക നിർദ്ദേശങ്ങൾ, യു. എ. ഇ യിലെ സ്വർണ്ണം അമൂല്യ ലോഹങ്ങൾ എന്നിവയുടേ വ്യവസായത്തിലെ ലൈസൻസുള്ളവരും അല്ലാത്തവരുമായ അംഗങ്ങൾക്ക്, അധിക അപകട സാധ്യതയുള്ള മേഖലകളിൽ നിന്നും സ്വർണ്ണവും അമൂല്യ ലോഹങ്ങളും വരുത്തുമ്പോൾ, ജാഗ്രത നിലനിർത്തുന്നതിനും ഒരു അപകട നിവാരണ പദ്ധതിയുടെ ചട്ടക്കൂടിലൂടെ, ഒ ഇ സി ഡി നിർദ്ദേശങ്ങൾ പരിപാലിക്കുന്നതിനുമായി ഡി എം സി സി പ ുറത്തിറക്കുന്നു.

ഈ മാർഗ്ഗനിർദ്ദേശം സപ്ളൈ ചെയിനിൽ എല്ലാ പ്രവർത്തകർക്കും പടി പടിയായ രീതിയിൽ ഉത്തരവാദിത്ത പരമായി സ്വർണ്ണവും മറ്റ് അമൂല്യ ലോഹങ്ങളും നേടുന്ന തിനും, കൈകാര്യം ചെയ്യുന്നതിനും പൊതുവായ വിവരസൂചന നൽകുന്നു, കൂടാതെ സംഘർഷത്തെ ഒഴിവാക്കാനായി നേരിട്ടും അല്ലാതെയുമുള്ള പിന്തുണ അന്തർദേശീയ നിലവാരമനുസരിച്ച് നൽകുന്നു.


**ഉദ്ദേശപരിധി**

സ്വർണ്ണവും അമൂല്യ ലോഹങ്ങളും കൈകാര്യം ചെയ്യുന്ന എല്ലാ ഡി എം സി സി അംഗങ്ങളും അംഗങ്ങളല്ലാത്തവരും ഉത്തരവാതിത്തപരമായ സപ്ളൈ ചെയിൻ പരിപാലനത്തിനുള്ള ഡി എം സി സി യുടെ ഈ നിർദ്ദേശങ്ങൾ പ്രായോഗികമാക്കണം.

**വിവരസൂചനകൾ**

സംഘർഷങ്ങളുള്ളതും അപകടകരവുമായ മേഖലകളിൽ നിന്നും ഉത്തരവാതിത്തപരമായി ധാതുക്കൾ കൈകാര്യം ചെയ്യുന്ന സപ്ളൈ ചെയിനുകൾക്കായിട്ടുള്ള ഒ ഈ സി ഡി, ഡ്യൂ ഡിലിജെൻസ് ഗൈഡൻസ് (സ്വർണ്ണത്തിനുള്ള അന്തിമ ഡ്രാഫ്റ്റ് സപ്ളിമെന്റ്)

# സ്വർണ്ണം, അമൂല്യ ലോഹങ്ങൾ എന്നിവക്കായി 5 പടിയുള്ള ഒരു ചട്ടക്കൂടിൽ അപകടങ്ങൾ ആധാരമാക്കിയുള്ള ഡ്യൂ ഡിലിജെൻസ് സപ്ലൈ ചെയിൻ



**Step-1: കരുത്തുള്ള കമ്പനി സപ്ളൈ ചെയിൻ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുക**

ലക്ഷ്യംഃ സ്വർണ്ണം, അമൂല്യ ലോഹങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന കമ്പനികളുടെ സപ്ളൈ ചെയിൻ പരിപാലന സംവിധാനം ഫലപ്രദമായ ഡ്യൂ ഡിലിജെൻസ് നടത്തുന്നതിനു പര്യാപ്തമാണോ എന്ന് ഉറപ്പുവരുത്തുക

1. ഉത്തരവാദിത്തമുള്ള സപ്ളൈ ചെയിനിൽ പൊതുവായ നയങ്ങൾ, നിലവാരങ്ങൾ, പ്രക്രിയകൾ എന്നിവ ഉൾക്കൊള്ളിക്കുക. നയങ്ങളിൽ താഴെപ്പറയുന്നവ ഉൾക്കൊള്ളിക്കണംഃ
    a. ഉദ്ദേശപരിധി
    b. ഉത്തരവാദിത്വങ്ങൾ
    c. സപ്ലൈ ചെയിൻ ഡ്യൂ ഡിലിജെൻസിനുള്ള നിദാനങ്ങൾ
    d. നിങ്ങളുടെ ഉപഭോക്താക്കളുടെ (കെ.വൈ. സി) പ്രക്രിയ അറിയുന്നതിനായുള്ള പ്രധാന ഘടകങ്ങൾ
    e. നിരീക്ഷണവും, മേൽനോട്ടവും
    f. പരിശീലനം

2. അർപ്പണബോധമുള്ള ഒരു റിസ്ക് ഓഫീസറെ (സപ്ളൈ ചെയിൻ ഓഫീസർ) നിയോഗിക്കുക, താഴെപ്പറയുന്ന വ്യവസ്ഥകളിൽഃ
    a. മുതിർന്ന ഉദ്യോഗസ്ഥനായിരിക്കണം
    b. അവശ്യം വേണ്ടതായ കാര്യക്ഷമത, അറിവ്, പരിശീലനം, സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസിൽ പരിശീലനം എന്നിവ ഉണ്ടായിരിക്കണം.
    c. പ്രസക്തമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് അവൾക്ക്/അയാൾക്ക് ആവശ്യമായ മുതൽക്കൂട്ടുകൾ (വസ്തുവകകൾ) ഉള്ളതായി ഉറപ്പുവരുത്തുക.
    d. സ്റ്റാഫ്, സപ്ളൈ ചെയ്യുന്നവർ, ഉന്നത അധികാരികൾ എന്നിവരോട് നിർണ്ണായക വിവരങ്ങൾ വിനിമയം ചെയ്യാനുള്ള കഴിവുായിരിക്കണം

അർപ്പണബോധമുള്ള റിസ്ക് ഓഫീസറുടെ (സപ്ളൈ ചെയിൻ ഓഫീസർ) ചുമതലകൾ താഴെപ്പറയുന്നുഃ

a. സ്വർണ്ണം, അമൂല്യ ലോഹങ്ങൾ എന്നിവയുടെ സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് പുനരവലോകനം ചെയ്യുക
b. സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് പ്രക്രിയ വിലയിരുത്തുക
c. സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് പ്രക്രിയകൾ പര്യാപ്തമാണെന്ന് ഉറപ്പാക്കുക.
d. കൂടുതൽ സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് നടപടികൾ സംയോജിപ്പിക്കുക.
e. ഉത്തരവാദിത്വമുള്ള സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് സംബന്ധിച്ച്

ഉദ്യോഗസ്ഥർക്ക് പരിശീലനം കൊടുക്കുക.

f. ഉത്തരവാദിത്തപരമായ സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് നയങ്ങളും അവയോടു ബന്ധപ്പെട്ട പ്രക്രിയകളും നവീകരിക്കുക (പുതുക്കുക)

3. സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസിനുള്ള രേഖകളും പ്രമാണങ്ങളും വികസിപ്പിക്കുക, അതിൽ ആന്തരികമായ വസ്തുവിവരപ്പട്ടികയും ക്രയവിക്രയങ്ങളും ഉൾക്കൊള്ളണംഃ

a. സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും ഭൗതീകമായ രൂപം, തരം, വിശദ വിവരങ്ങൾ, അവയിലുള്ള മുദ്രണം/ അഥവാ ഹാൾമാർക്കുകൾ
b. സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും തൂക്കവും, മാറ്റും ശരിയായ പരിശോധന നടത്തിയശേഷം അഥവാ ഒരു മൂന്നാം കക്ഷിയെക്കൊണ്ട് പരിശോധിപ്പിച്ചശേഷം രേഖപ്പെടുത്തണം.
c. എല്ലാ സപ്ളൈയർമാരുടെയും കെ.വൈ.സി. ഡ്യൂ ഡിലിജെൻസ്, അവരുടെ ഡ്യൂ ഡിലിജെൻസ് വഴക്കങ്ങളുൾപ്പെടെ കമ്പനി നയങ്ങൾക്കും, ഡി.എംസി പ്രായോഗിക മാർഗ്ഗനിർദ്ദേശങ്ങൾക്കും യോജിച്ച വിധത്തിലായിരിക്കണം കെ.വൈ.സി. ഫോമിൽ കമ്പന ിയുടെ സപ്ളൈയർമാരുടെ വിവരങ്ങളും അവരുടെ സ്ഥലവും ഉായിരിക്കണം.
d. ഓരോ വരവു ചെലവു രേഖയ്ക്കും (ഇൻപുട്ട്/ഔട്ട്പുട്ട്) അനന്യമായ ഒരു സൂചനാ നംബർ ഉായിരിക്കണം
e. ൽപ്പാദകർ/ശുദ്ധീകരിക്കുന്നവർ/നിർമ്മാതാക്കൾ (വേണമെങ്കിൽ) എന്നിവരുടെ പേര്, മുദ്ര, ലോഗോ.
f. ഉൽപ്പാദനം/ശുദ്ധീകരണം (വേണമെങ്കിൽ) എന്നിവയുടെ വർഷം.
g. വാങ്ങൽ, വിൽപ്പന എന്നിവയുടെ തീയ്യതികൾ
h. സപ്ളൈയറാൽ തരം തിരിക്കപ്പെട്ട വസ്തുവിവരപ്പട്ടിക.
i. എല്ലാ പ്രമാണങ്ങളും കുറഞ്ഞപക്ഷം അഞ്ചുവർഷം സൂക്ഷിക്കണം
j. ഉൽപ്പന്നങ്ങളെ തേടിപ്പിടിക്കുന്നതിനുള്ള സംവിധാനം "ട്രാക്ക് ആൻഡ് ട്രേസ്" താഴെപ്പറയുന്ന പ്രകാരമായിരിക്കണംഃ

    I. ഷിപ്പിങ്ങ്/ട്രാൻസ്പ്പോർട്ടിങ്ങ് രേഖകൾ സ്വീകരിക്കൽ
    II. വിൽപ്പന പ്രമാണങ്ങൾ അവയുടെ ലോട്ട് നംബർ ഉൾപ്പെടെ
    III. ഘനന ലൈസൻസിനോട് ബന്ധപ്പെട്ട അംഗീകാരങ്ങൾ
    IV. കയറ്റുമതി/ഇറക്കുമതി ലൈസൻസും ഫോമും
    V. ഒത്തുതീർപ്പിനെ അനുബന്ധിച്ച പ്രമാണങ്ങൾ

4. താഴെപ്പറയുന്നപ്രകാരം സപ്ളൈയർമാരോട് ബന്ധം ഉറപ്പിക്കുകഃ

a. സപ്ളൈയർമാർക്കായി അവരുടെ സ്വന്തം ഡ്യൂ ഡിലിജെൻസ് വഴക്കങ്ങൾ ഉൾപ്പെടെ പര്യാപ്തമായ ഡ്യൂ ഡിലിജെൻസ് പ്രക്രിയ നിലനിർത്തുക.
b. ദീർഘകാല ബന്ധം നിലനിർത്തുക

c. ഡി.എംസി.സി യുടെ മാർഗ്ഗനിർദ്ദേശങ്ങൾ സപ്ളൈയർമാരുമായി പങ്കുവെയ്ക്കുക, കൂടാതെ സപ്ളൈയർമാരുടെ സ്വീകരണവും സമ്മതവും അംഗീകരിക്കുക.
d. കരാറുകൾ/സപ്ളൈയർ മാരുമായുള്ള കെ.വൈ.സി. ഫോമുകൾ, അംഗീകാരം എന്നവയിൽ ഡി.എംസി.സി യുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തുക.
e. സപ്ളൈയർമാരുടെ കഴിവുകളെ പിന്തുണക്കുകയും ചെയ്യുന്നതു കൂടാതെ വേണമെങ്കിൽ കമ്പനിയുടെ ഉത്തരവാദിത്തപരമായ സപ്ളൈ ചെയിൻ നയങ്ങൾ, ഡി എം സി സി പ്രായോഗിക മാർഗ്ഗനിർദ്ദേശങ്ങൾ മുതലായവ ഉറപ്പുവരുത്തുക. സപ്ളൈയർ അതിൽ വേണ്ടപോലെ സഹകരിക്കുന്നില്ലെങ്കിൽ അത് രേഖപ്പെടുത്തുകയും അവരെ മാറ്റുകയും ചെയ്യുക അധികമായി സാധ്യമായിടത്തെല്ലാം
f. സ്വകാര്യതയോടെയും തെളിവുകളോടുകൂടിയും ഈ വിഷയങ്ങൾ ഡി എം സി സി ക്കു റിപ്പോർട്ടു ചെയ്യുക.
('വിസിൽ അടിക്കുന്ന' സംവിധാനം; ഇ മെയിൽഃ *responsiblesupplychain@dmcc.ae*)

5. പര്യാപ്തമായ സുരക്ഷക്കുവേണ്ടിയുള്ള ആവശ്യകതകൾ താഴെപ്പറയുന്നപോലെ വികസിപ്പിക്കുകഃ

a. കൈകടത്തൽ തടയുന്നതിനും ഉള്ളടക്കങ്ങൾ എടുക്കാതിരിക്കാനുമായി തിരിച്ചറിയാവുന്ന തരത്തിലുള്ള മുദ്ര വെച്ച സുരക്ഷാ പെട്ടികൾ ഓരോ ഷിപ്പ്മെന്റിനും ഉപയോഗിക്കുക.
ഓരോ വ്യത്യസ്ത ഷിപ്പ്മെന്റും അവ പരിശോധിച്ചു ഉറപ്പാക്കുന്നതുവരെ പ്ര ത്യക്ഷമായി വേർതിരിച്ച് വെയ്ക്കുക.
b. എന്തെങ്കിലും പോരായ്മകൾ ഉന്നത അധികാരികളെ അറിയിക്കുക കൂടാതെ അർപ്പണബോധമുള്ള/അംഗീകരിച്ച സപ്ളൈ ചെയിൻ ഓഫർക്കും റിപ്പോർട്ടു ചെയ്യുക.
c. അതേ സപ്ളൈയറുമായി വിവാദവിഷയങ്ങൾ ആവർത്തിച്ചാൽ, അത് രേഖപ്പെടുത്തിയശേഷം അവരെ നീക്കം ചെയ്യുക.
d. ഷിപ്പ്മെന്റുകൾ വിലയിരുത്തുന്നവർ സ്വതന്ത്രരും സംഘർഷങ്ങളിലും വിവാദങ്ങളിലും താൽപ്പര്യമില്ലാത്തവരുമാണെന്ന് ഉറപ്പാക്കുക.
e. ഷിപ്പ്മെന്റുകൾ വിലയിരുത്തുന്നവർ സ്വതന്ത്രരും സംഘർഷങ്ങളിലും വിവാദങ്ങളിലും താൽപ്പര്യമില്ലാത്തവരുമാണെന്ന് ഉറപ്പാക്കുക.

6. ഉത്തരവാദിത്വമുള്ള സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസിൽ ഉൾപ്പെട്ട എല്ലാ വ്യക്തികൾക്കും ആവശ്യമായ പരിശീലനം നടത്തുക.

അപകട നില, സപ്ളൈ ചെയിനിലെ പങ്കാളികളെ നിയമിക്കുന്ന ഉദ്യോഗ നിലവാരം മുതലായവ ആധാരമാക്കി പുതിയ ഉദ്യോഗസ്ഥർക്ക് പതിവായി പരിശീലന യോഗങ്ങൾ നടത്തുക.




### Step-2: **സപ്ളൈ ചെയിനിലെ അപകടങ്ങൾ തിരിച്ചറിയുകയും വിലയിരുത്തുകയും ചെയ്യുക**

ലക്ഷ്യംഃ സ്വർണ്ണം അമൂല്യ ലോഹങ്ങൾ എന്നിവയുടെ സപ്ളൈ ചെയിൻ കമ്പനികൾ അവർ പടി 1 ൽ വികസിപ്പിച്ച ശക്തമായ മാനേജ്മെന്റ് സംവിധാനം ഉപയോഗിക്കണം കൂടാതെ അവർ സ്വർണ്ണം അമൂല്യ ലോഹങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിതരണം, ഗതാഗതം, കയറ്റുമതി/വാങ്ങൽ മുതലായവ ചെയ്യുമ്പോൾ അതിലെ അപകടങ്ങൾ തിരിച്ചറിയുകയും അവ വിലയിരുത്തുകയും വേണം.

ഘനികൾ ഉൾപ്പെടെയുള്ള (സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും ഘനികൾ) സപ്ളൈ ചെയിനിലെ സപ്ളൈയർ, കയറ്റുമതിക്കാർ, കടത്തുകാർ ഉൾപ്പെടെ (ഘനികളിൽ നിന്നുള്ളതോ അഥവാ പുനർ നിർമ്മാണം ചെയ്തതോ ആയ സ്വർണ്ണവും അമൂല്യ ലോഹങ്ങളും) ഓരോ പാർട്ടിയുടെയും അപകട സാധ്യതകൾ വിലയിരുത്തുമ്പോൾ.

1. പരിഗണിക്കേതായ ഘടകങ്ങൾ താഴെക്കൊടുത്തിരിക്കുന്നുഃ

   1.1 സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും ഭൂമിശാസ്ത്രപരമായ സ്ഥാനംഃ

      a. ഉത്ഭവസ്ഥാനവും ഗതാഗതവും

      b. ഗവർമെന്റ് നിയമങ്ങളും മേൽനോട്ടവും

c. രാജ്യത്ത് നടത്തപ്പെടുന്ന പണമിടപാടുകൾ
d. സംഘർഷങ്ങളുടെ നിലപാടും, മനുഷ്യാവകാശ ധ്വംസനവും
e. പണം കൊടുക്കലിനു ഉപയോഗിക്കുന്ന സംവിധാനം. (മുറപ്രകാരമുള്ള ബാങ്കുകൾ / ഹവാലാ മുതലായവ)
f. കുറ്റവാളി സംഘടനകളുടെ ഇടപെടലിന്റെ നിലവാരം
g. ഉയർന്ന അപകട സാധ്യതയുള്ള ബിസിനസ്സുകൾ (ഗെയിമിങ്ങ്, കാസിനോകൾ)
h. ഒരു രാജ്യത്തു നിന്നും അടുത്തുള്ള വിപണിസ്ഥലത്തേക്കുള്ള പ്രവേശനത്തിന്റെ നിലവാരം അഥവാ ഉയർന്ന അപകട സാധ്യതയുള്ള ക്രയവിക്രയം
i. നിർണ്ണായക കുറ്റാളിത്തം നേരിടുന്നതിനാവശ്യമായ നിയമങ്ങൾ അവ പ്രയോഗിക്കുന്ന നിലവാരരീതി.
j. രാജ്യത്തിനെതിരായി ഉള്ള ശിക്ഷാ നടപടി/അഥവാ രാജ്യത്തിനെതിരായിട്ടുള്ള അഥവാ വ്യക്തികൾക്കെതിരെയുള്ള തടസ്സങ്ങൾ

1.2 സപ്ളൈ ചെയിനിലുള്ള എതിർ കക്ഷികൾഃ

a. പടി 1 ൽ തിരിച്ചറിയപ്പെട്ട കമ്പനി സപ്ളൈയർമാരെക്കുറിച്ചുള്ള വിവരങ്ങളിൽ സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും ഉത്ഭവം, ഗതാഗതം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയിരിക്കണം.
b. ചുവന്ന കൊടികൾ (ഈ വിഭാഗത്തിലെ പടി 2 ൽ പറയുന്നു) സപ്ളൈ ചെയിനിലെ ഏതു വിഷയത്തെയും സംബന്ധിക്കുന്നവ.
c. സപ്ളൈയർമാരുടെ എണ്ണം; അതായത് കൂടുതലെങ്കിൽ കൂടുതൽ അപകടം
d. എതിർ കക്ഷികൾക്ക് സപ്ളൈയർ മാരുടെ മേലുള്ള നിയന്ത്രണത്തിന്റെ നിലവാരം.
e. ഏതിർ കക്ഷികൾക്ക് ജാഗ്രതാ വഴക്കങ്ങളിൽ ഉള്ള പര്യാപ്തതയുടെ നിലവാരം
f. എതിർകക്ഷിയുടെ ഡ്യൂ ഡിലിജെൻസ് വഴക്കങ്ങൾ യോഗ്യതയുള്ള ഒരു മൂന്നാം കക്ഷി ഓഡിറ്റ് ചെയ്തിട്ടുോ എന്ന്
g. എതിർകക്ഷി എത്രകാലമായി സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും ബിസിനസ് നടത്തുന്നു (കൂടുതൽ ആണെങ്കിൽ അപകടം കുറവായിരിക്കും)
h. ബിസിനസ്സിലെ പ്രയോജനമുള്ള ഉടമസ്ഥർക്ക് സൂചിപ്പിക്കുന്നതിനോ/അഥവാ വെളിപ്പെടുത്താനോ ശ്രദ്ധയില്ല
i. വക്കീലന്മാർ അഥവാ അക്കൗൺടന്റുകൾ മുതലായ മധ്യവർത്തികളെ ഉപയോഗിച്ച് അവർ അജ്ഞാതതരായിരിക്കുക.
j. സപ്ളൈയറുടെ ഘനനപ്രവർത്തനങ്ങളുടെ അളവ്
k. പ്രധാനപ്പെട്ട പൊതു നടപടികളുടെ ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുന്ന രാഷ്ട്രീയമായി അറിയപ്പെടുന്ന വ്യക്തികൾ അഥവാ അവരോട് അടുത്ത ബന്ധം പുലർത്തുന്ന വ്യക്തികൾ.

1.3 പണമിടപാടുകൾഃ

a. ഡ്യൂ ഡിലിജെൻസ്, പണമിടപാടിന്റെ വിലയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു
b. ഗതാഗതം/ അഥവാ കയറ്റുമതി ചെയ്യുന്ന സ്വർണ്ണവും അമൂല്യ ലോഹങ്ങളും വേണ്ടവിധത്തിൽ കാര്യക്ഷമമായി അവയുടെ ഉത്ഭവസ്ഥാനം തിരിച്ചറിയപ്പെട്ടവയല്ല.
c. സപ്ളൈ ചെയിനിൽ വിശദമാക്കാതെയുള്ള ഭൂമിശാസ്ത്രപരമായ ദൂരം
d. ഉരുക്കിയ സ്വർണ്ണം അഥവാ അമൂല്യ ലോഹങ്ങൾ, അസംസ്കൃതമായ (റീ സൈക്കിൾ ചെയ്യാവുന്ന) സ്വര്ണ്ണം അഥവാ അമൂല്യ ലോഹത്തെക്കാൾ കൂടുതൽ അപകട സാധ്യതയുള്ളതാണ്
e. സ്വർണ്ണത്തിന്റെയും അമൂല്യലോഹങ്ങളുടെയും ദൃഢതാ നിലവാരം (കോൺസെൻട്രേഷൻ)
f. പ്രാദേശിക വഴക്കങ്ങളോട് സമാനമല്ലാത്ത (ചേരാത്ത) പതിവില്ലാതെയുള്ള പരിതസ്ഥിതികൾ (വില, ഗുണനിലവാരം, ലാഭസാധ്യത മുതലായവ)
g. ഗവർമെന്റ് നൽകുന്ന അതിരിനുമുകളിലുള്ള പണവിനിയോഗം
h. പണമായി ഇടപാടു നടത്തുക അല്ലെങ്കിൽ/അഥവാ ബന്ധമില്ലാത്ത മൂന്നാം കക്ഷികൾക്ക് അയച്ചുകൊടുക്കുക.
i. ഗവർമെന്റ് നൽകുന്ന അതിരിനു മുകളിലുള്ള പണമിടപാട് നടത്താനായി നിരവധി പ്രാവശ്യം പണം നൽകാനുള്ള പദ്ധതിയുാക്കൽ

2. എല്ലാ ചുവന്ന കൊടികളും അവയുടെ ഉത്ഭസ്ഥാനം, സപ്ളൈയർമാർ എന്നിവയുടെ അടിസ്ഥാനത്തിൽ അഗാധമായി പുനരവലോകനം ചെയ്യാൻ വേിഃ

2.1 സ്വർണ്ണത്തിനും അമൂല്യ ലോഹങ്ങൾക്കും സ്ഥാനം ആധാരമാക്കിയുള്ള ചുവന്ന കൊടികൾ അവയുടെ ഉത്ഭവസ്ഥാനം കടത്തൽ എന്നിവയോടനുബന്ധിച്ചവഃ

a. സ്വർണ്ണവും അമൂല്യ ലോഹങ്ങളും ഒരു സംഘർഷസ്ഥാനത്തിൽ ഉത്ഭവിച്ചു അല്ലെങ്കിൽ അപ്രകാരമുള്ളിടത്തുകൂടി കടത്തി
b. സ്വർണ്ണവും അമൂല്യ ലോഹങ്ങളും പരിമിതമായ ശേഖരം അഥവാ സ്റ്റോക്കുള്ള ഒരു രാജ്യത്തുനിന്നും കൊുവന്നതായി അവകാശപ്പെടുന്നു അഥവാആ രാജ്യത്ത് സ്വർണ്ണവും അമൂല്യ ലോഹങ്ങളും അത്രമാത്രം അളവിൽ ഉൽപ്പാദിക്കപ്പെടുന്നില്ല (അതായത് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന സ്വർണ്ണവും അമൂല്യലോഹങ്ങളും ആ രാജ്യത്തിലുള്ള ശേഖരത്തെക്കാൾ വളരെ അധികമാണ്/ അല്ലെങ്കിൽ അവിടെ നിന്നുള്ള ഉത്പാദനത്തെക്കാൾ അധികമാണ്.)
c. സ്വർണ്ണവും അമൂല്യ ലോഹങ്ങളും ഉദ്പാദിച്ചതായി അവകാശപ്പെടുന്നത് പുതുക്കിയ അഥവാ റീ സൈക്കിൾ ചെയ്ത കലർപ്പ് സ്രോതസ്സുകളിൽ നിന്നാണ്, അവ ശുദ്ധീകരിച്ചിരിക്കുന്നത് സംഘർഷമുള്ള രാജ്യങ്ങളിൽ കൂടി കടത്തിക്കൊുവന്ന

ശേഷമാണ് അഥവാ അപ്രകാരം സംശയിക്കപ്പെടുന്നു
ഇപ്രകാരമുള്ള സ്ഥാനീയമായ ഓരോ ചുവന്ന കൊടിയുടെ കാര്യത്തിലും, നിയമവിരുദ്ധമായ പണമിടപാടുകൾ, കസ്റ്റംസ് നിയന്ത്രണങ്ങൾ, മറ്റ് പ്രസക്തമായ ഗവർമെന്റ് നിയമലംഘനങ്ങൾ, അനൗപചാരികമായ ബാങ്കിങ്ങ്, അമിതമായ ധനവിനിയോഗം മുതലായവ നടക്കുന്ന രാജ്യങ്ങളിൽ അപകട സാധ്യത അധികരിക്കുന്നു.

2.2 സപ്ളൈയറെ ആധാരമാക്കിയുള്ള ചുവന്ന കൊടികൾഃ

a. സപ്ളൈയർമാർ അല്ലെങ്കിൽ അറിയപ്പെടുന്ന ഉന്നത നിലവാരമുള്ള കമ്പനി സ്വർണ്ണവും അമൂല്യ ലോഹങ്ങളും ഉദ്പാദിപ്പിക്കുന്ന അഥവാ കടത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ ചുവന്ന കൊടിയുള്ള ഒരു സ്ഥാനത്തു പ്രവർത്തിക്കുന്നു അല്ലെങ്കിൽ അവർക്ക് അത്തരം കമ്പനികളൂടെ ഓഹരികളു്, അല്ലെങ്കിൽ അത്തരം രാജ്യങ്ങളിൽ നിന്നും സ്വർണ്ണവും അമൂല്യ ലോഹങ്ങളും ഉദ്പാദിക്കുന്നതിനും കടത്തുന്നതിനും താൽപ്പര്യമു്.
b. സപ്ളൈയർമാർ അല്ലെങ്കിൽ അറിയപ്പെടുന്ന ഉന്നത നിലവാരമുള്ള കമ്പനികൾ സ്വർണ്ണം അഥവാ അമൂല്യമായ ലോഹങ്ങൾ കഴിഞ്ഞ 12 മാസങ്ങൾക്കുള്ളിൽ ഒരു ചുവന്ന കൊടിയുള്ള പ്രദേശത്തുനിന്നും വാങ്ങുകയോ കടത്തുകയോ ചെയ്തതായി അറിയപ്പെടുന്നു.

2.3 ചുറ്റുപാടിനെ ആധാരമാക്കിയുള്ള ചുവന്ന കൊടികൾഃ

a. അസ്വാഭാവികതകൾ, അസാധാരണ ചുറ്റുപാടുകൾ എന്നിവ പടി 2 ൽ പറയുന്നപോലെ വിവരം ശേഖരിച്ച് തിരിച്ചറിഞ്ഞിട്ടുങ്കിൽ, അതായത് സ്വർണ്ണവും അമൂല്യലോഹങ്ങളും വേർതിരിച്ചെടുക്കുമ്പോഴും അവ കടത്തിക്കൊുപോകുമ്പോഴും, സ്വർണ്ണം അമൂല്യലോഹങ്ങൾ എന്നിവ വ്യാപാരം ചെയ്യുമ്പോഴും ഗൗരവകരമായ സംഘർഷങ്ങൾക്കും ദുർവിനിയോഗത്തിനും കാരണമാകും എങ്കിൽ.

3. അവരോട് ഇടപെടുന്നതിതിനു മുമ്പ് ചുവന്ന കൊടിയുള്ള സപ്ളൈയർമാരെപ്പറ്റി ഉന്നതതല ഗവേഷണം നടത്തുകയും അവയിൽ തിരിച്ചറിയപ്പെട്ട അപകട സാധ്യതകളും പ്രയോജന വിശകലനങ്ങളും ആധാരമാക്കി താഴെപ്പറയുന്നവയിൽ ഏതെങ്കിലുമോ എല്ലാമോ ഉൾപ്പെടുന്നു എങ്കിൽഃ

3.1 ഡെസ്ക് ഗവേഷണംഃ

a. സപ്ളൈ ചെയിനുള്ള ഓരോ കമ്പനിയെയും തിരിച്ചറിയുക
b. സപ്ളൈ ചെയിനിലെ ഓരോ കമ്പനിയിലും പ്രയോജനമുള്ള ഓരോ ഉടമസ്ഥനെ(രെ)

യും തിരിച്ചറിയുക

c. സപ്ളൈ ചെയിനിലെ ഓരോ കമ്പനിയുടെയും സാമ്പത്തിക വിവരങ്ങൾ ശേഖരിക്കൽ
d. സപ്ളൈ ചെയിനിലെ ഓരോ കമ്പനിയും ആവശ്യമുള്ള ലൈസൻസുകളും അംഗീകാരവും നേടിയതായി ഉറപ്പാക്കൽ
e. സപ്ളൈ ചെയിനിലെ ഓരോ കമ്പനിയും ശിക്ഷാ നടപടികൾ എടുത്തവയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കുക.

3.2 സ്വർണ്ണവും അമൂല്യലോഹങ്ങളും സപ്ളൈ ചെയ്യുന്നവരുടെ സൈറ്റ് സന്ദർശനം അഥവാ സ്വതന്ത്രമായോ കൂട്ടായോ അവരുടെ ചുറ്റുപാടുകളും അവരെപ്പറ്റിയുള്ള വിവരങ്ങളും അറിയാനായി വിലയിരുത്തൽ സംഘങ്ങളെ നിയോഗിക്കുക, അവർ താഴെപ്പറയുന്ന പവർത്തനങ്ങൾ നടത്തിയിരിക്കണംഃ

a. സ്വർണ്ണവും അമൂല്യലോഹങ്ങളും ഘനനം ചെയ്ത് വേർതിരിക്കൽ (ഘനികളിലേക്കുള്ള പ്രവേശനം, ഘനികളുടെ ഉത്പാദനം കുറവുകൾ എന്നിവ കണക്കിലെടുത്ത് ഘനികളുടെ ഉത്പാദനക്ഷമത)
b. സ്വർണ്ണം അമൂല്യലോഹങ്ങൾ എന്നിവയുടെ ഉത്പാദനപ്രക്രിയ (ചേരുവ, മിശ്രിതം, മഥനം, യന്ത്രത്തിൽ അരയ്ക്കൽ, ഉരുക്കുക, ശുദ്ധീകരിക്കുക മുതലായവ ചെയ്യുമ്പോഴുള്ള കുറവുകൾ രേഖപ്പെടുത്തുക, അത്തരം പ്രസക്തമായ പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ തിട്ടപ്പെടുത്തൽ)
c. സ്വർണ്ണവും അമൂല്യലോഹങ്ങളും കൈകാര്യം ചെയ്യൽ (വസ്തുവിവരപ്പട്ടിക, ഒരിടത്തുനിന്നും മറ്റൊരിടത്തേക്കയക്കുക, പുനർ മുദ്രണം മുതലായവ)
d. സ്വർണ്ണം അമൂല്യലോഹങ്ങൾ എന്നിവയുടെ ഗതാഗതം
e. വ്യാപാരം വ്യാപാരത്തിൽ കയറ്റുമതിയും ഇറക്കുമതിയും ഉൾപ്പെടുന്നു.)
f. സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും തൂക്കവും മാറ്റും ഗുണനിലവാരവും മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

3.3 എല്ലാ ഇടപാടുകളുടെ രേഖകളിലും ആകസ്മികമായുള്ള പ്രമാണ പരിശോധനകൾ

a. അപകട ഉപശമന പ്രക്രിയ കുറഞ്ഞപക്ഷം വർഷത്തിൽ ഒരിക്കലെങ്കിലും പുതുക്കണം, അല്ലാത്തപക്ഷം പ്രസക്തമായ ചുറ്റുപാടുകളിൽ മാറ്റം സംഭവിക്കുമ്പോൾ.

### Step-3 അപകട ഉപശമന/ നിയന്ത്രണ പദ്ധതി വികസിപ്പിച്ച് നടപ്പിലാക്കുക

ലക്ഷ്യംഃ തിരിച്ചറിയപ്പെട്ട അപകടസാധ്യത(കൾ) നിയന്ത്രിക്കാനും, പ്രതികൂല സാഹചര്യങ്ങളുടെ ഉപശമനത്തിനും

1. നയങ്ങളും പ്രക്രിയകളും വികസിപ്പിക്കുക, അപ്രകാരം അന്തർദേശീയമായി സ്വീകാര്യമായിട്ടുള്ള നയങ്ങൾ, നിലവാരത്തോതുകൾ, ഉത്തരവാദപരമായ സപ്ളൈ ചെയിൻ പരിപാലനത്തിനുള്ള പ്രക്രിയകൾ എന്നിവ അതിൽ ഉൾപ്പെടുത്തുക. നയങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തണംഃ
    a. തിരിച്ചറിയപ്പെടുന്ന അപകടങ്ങൾ കമ്പനിയുടെ ഉന്നതാധികാരികൾക്കും, പ്രസക്തമായ റിസ്ക് ഓഫീസർമാർക്കും (സപ്ളൈ ചെയിൻ) റിപ്പോർട്ടു ചെയ്യാനുള്ള സംവിധാനം.
    b. ചുവന്ന കൊടിയുള്ള സപ്ളൈ ചെയിൻ, തിരയാനുള്ള സംവിധാനം (ട്രേസബിലിറ്റി), കസ്റ്റഡി ചെയിൻ എന്നിവ മുഖേന സപ്ളൈയർമാരെ നിയോഗിക്കുന്നത് മെച്ചപ്പെടുത്തൽ.
    c. പടി 1 പോയിന്റ് 5 ൽ വിവരിച്ചിട്ടുള്ളപോലെ ഭൗതീക സുരക്ഷ മെച്ചപ്പെടുത്തൽ
    d. ചുവന്ന കൊടിയുള്ള സപ്ളൈ ചെയിനിൽ നിന്നുള്ള ഷിപ്മെന്റുകൾ വേർതിരിക്കുകയും സുരക്ഷിതമാക്കുകയും ചെയ്യുക
    e. ചുവന്ന കൊടിയുള്ള സപ്ളൈയറന്മാരിൽ അധിക പരിശോധ നടത്താനുള്ള അവകാശം ഉൾക്കൊള്ളിക്കുക.
    f. ഉപശമന നിയന്ത്രണങ്ങൾ വികസിപ്പിക്കുമ്പോൾ തുടർന്നും വ്യാപാരം നടത്തുകഃ
        I. നേരിട്ടും വളരെ ഫലപ്രദമായും അപകട ഉപശമനം നടത്താൻ കഴിവുള്ള പ്രവർത്തകരുടെ മേൽ ശക്തി സംഭരിക്കുകയും അത് നടപ്പിൽ വരുത്തുകയും ചെയ്യണം.
        II. ചുവന്ന കൊടിയുള്ള സപ്ളൈയർ(മാ)രോടുള്ള വ്യാപാരപ്രവർത്തനങ്ങൾ, അപകട നിലവാര ഉപശമന പ്രക്രിയ നടത്തുമ്പോഴും താൽക്കാലികമായി നിർത്തലാക്കണം
        III. ഉപശമന നിയന്ത്രണത്തിൽ സഹകരിക്കാത്തപക്ഷം ഒരു ചുവന്ന കൊടിയുള്ള സപ്ളൈയറെ നീക്കുക, കൂടാതെ/അല്ലെങ്കിൽ അത്തരം നിയന്ത്രണം പ്രായോഗികമല്ല അഥവാ ചെലവു/പ്രയോജന വിശകലന സംബന്ധമായി, അല്ലെങ്കിൽ അത് നടത്തുന്ന കമ്പനിയുടെ കഴിവിനനുസരണമായി സ്വീകാര്യമല്ല എങ്കിൽ അത്തരം നിയന്ത്രണം നിർത്തലാക്കണം.

| അപകടനില | നിയന്ത്രണ സംവിധാനം |
|---|---|
| താഴ്ന്നത് | വ്യാപാരപ്രവർത്തനം ആരംഭിക്കുകയോ തുടരുകയോ ചെയ്യുക. |
| മാധ്യമം | വ്യാപാരപ്രവർത്തനം ആരംഭിക്കുകയോ തുടരുകയോ ചെയ്യുക, അതേസമയത്ത് തന്നെ അപകട ഉപശമനം നടത്തുക |
| ഉയർന്നത് | കൂടുതൽ വിവരശേഖരണത്താലും വിവരങ്ങൾ ഉറപ്പായതിനാലും പ്രതികൂലമായ അപകട വിലയിരുത്തൽ മൂലവും, തിരിച്ചറിയപ്പെട്ട അപകട ഉപശമനം നടത്തുമ്പോൾ തന്നെ വ്യാപാര പ്രവർത്തനങ്ങൾ നിർത്തലാക്കുക. അഥവാ ചുവന്ന കൊടിയുള്ള കമ്പനിയിൽ നിന്നും/ അപകട സ്രോതസ്സിൽ നിന്നും വിട്ടു മാറുക. |

## Step-4 **സ്വതന്ത്രമായ രീതിയിൽ ഒരു മൂന്നാം കക്ഷി (തേർഡ് പാർട്ടി) ഓഡിറ്റ് നടത്തുക**

ലക്ഷ്യംഃ സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും കമ്പനി ഡി.എം.സി.സി യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പാക്കുക.

1. ഓഡിറ്ററുടെ അധികാരപരിധിയിൽ താഴെപ്പറയുന്നവ പരിശോധിക്കുക എന്നതാണ്ഃ

   a. അനുബന്ധ നയങ്ങളും പ്രക്രിയകളും ഡി എം സി സി യുടെ മാർഗ്ഗനിർദ്ദേശം നടപ്പിലാക്കാൻ പര്യാപ്തമാണോ
   b. അപകട ഉപശമനത്തിനുള്ള ബാഹ്യവും ആന്തരികവുമായ നിയന്ത്രണം പര്യാപ്തമാണോ
   c. സപ്ളൈ ചെയിനിലെ പ്രവർത്തകരോടുള്ള എല്ലാ വിനിമയങ്ങളിലും ഡി എം സി സി യുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതായി ഉറപ്പാക്കുക
   d സകല പ്രവർത്തനങ്ങളുടെയും തിരച്ചിലിനും കസ്റ്റഡിക്കും ഒരു ശൃംഖല സ്ഥാപിക്കുക.
   e. അപകടങ്ങളെ ആധാരമാക്കുന്ന സമീപന രീതിയാലും, തൽക്ഷണം തന്നെ അപകട സാധ്യതാ വിലയിരുത്തൽ മൂലവും തുടർച്ചയായുള്ള അപകട സാധ്യത വിലയിരുത്തൽ.

2. സ്വർണ്ണത്തിന്റെയും അമൂല്യ ലോഹങ്ങളുടെയും കമ്പനിയുടെ ഓഡിറ്റ് നടത്തുന്ന കക്ഷിക്ക് താഴെപ്പറയുന്ന ഗുണങ്ങളുള്ളായിരിക്കണംഃ

   a. ഓഡിറ്റ് ചെയ്യുന്ന കമ്പനിയിൽ നിന്നും സ്വതന്ത്രമായിരിക്കണം.
   b. ഓഡിറ്റ് ചെയ്യുന്നവരും ഓഡിറ്റ് ചെയ്യപ്പെടുന്നവരും തമ്മിൽ താൽപ്പര്യ സംഘർഷം ഉണ്ടായിരിക്കരുത് (ബിസിനസ്, സാമ്പത്തിക ഇടപാടുകൾ എന്നിവ)

c. പൊതുവായ നിർദ്ദേശങ്ങളല്ലാതെ ഡ്യൂ ഡിലിജെൻസ് നിർവ്വഹണത്തിനായി ഒരു പ്രത്യേക സേവനവും കമ്പനിക്കു നൽകാൻ പാടില്ല.
d. അത്തരം ഓഡിറ്റ് ചെയ്യാനുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം.

3. ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്ഃ

a. ഓഡിറ്റ് തയ്യാറെടുക്കൽ ഃ ഓഡിറ്റ് പദ്ധതി വികസനം.
b. സൈറ്റിലുള്ള പരിശോധനകളിൽ ഉൾപ്പെടുന്നവഃ
   I. കമ്പനിയിലെ സൗകര്യങ്ങൾ
   II. കമ്പനിയുടെ സപ്ളൈയർമാരുടെ ലിസ്റ്റ്
c. കമ്പനി അപകട വിലയിരുത്തൽ സംഘവുമായി ചർച്ച
d. ഓഡിറ്റ് സമാപനംഃ ഫലങ്ങൾ രേഖപ്പെടുത്തുകയും, ഉറപ്പാക്കുകയും റിപ്പോർട്ടു ചെയ്യുകയും വേണം, അവ ഡി എം സി സി നൽകുന്ന കമ്പനിയുടെ സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം.
e. കമ്പനിയുടെ ഡ്യൂ ഡിലിജെൻസ് വഴക്കങ്ങൾ നന്നാക്കാനുള്ള ശുപാർശകൾ നൽകണം.
f. കമ്പനിയുടെ സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് വാർഷിക റിപ്പോർട്ടിൽ ഓഡിറ്റിന്റെ സംക്ഷിപ്ത രേഖ ഉൾപ്പെടുത്തണം

4. ഡി എം സി സി യുടെ സപ്ളൈ ചെയിൽ ഡ്യൂ ഡിലിജെൻസ് പ്രകാരം ഓഡിറ്റ് പദ്ധതി നടപ്പിലാക്കണംഃ

a. ഓഡിറ്റിന്റെ ഡ്രാഫ്റ്റ് നിലവാരം ഡി എം സി സി യുടെ നിർദ്ദേശാനുസരണമായിരിക്കണം.
b. ഓഡിറ്റിങ്ങ് പാർട്ടിയെ ഓഡിറ്റ് ചെയ്യാൻ നിയോഗിക്കുക.
c. ഓഡിറ്റിങ്ങ് പാർട്ടിയോട് പൂർണ്ണമായി സഹകരിക്കുക.
d. ഓഡിറ്റിങ്ങ് പാർട്ടി നൽകുന്ന എല്ലാ ശുപാർശകളും നടപ്പിൽ വരുത്തുക.
e. ഓഡിറ്റ് റിപ്പോർട്ടിന്റെ സംക്ഷിപ്ത രേഖ സപ്ളൈ ചെയിൻ ഡ്യൂ ഡിലിജെൻസ് വാർഷിക റിപ്പോർട്ടിനോടൊപ്പം പ്രസിദ്ധീകരിക്കുക

## Step-5 **സപ്ളൈ ചെയിനിലെ ഡ്യൂ ഡിലിജെൻസ് ഓരോ വർഷവും റിപ്പോർട്ടു ചെയ്യുക**

ലക്ഷ്യംഃ പൊതുജനത്തിന്റെ വിശ്വാസം വർദ്ധിപ്പിക്കാനായി കമ്പനി നടപ്പിലാക്കിയ ഉത്തരവാദിത്വമുള്ള ഡ്യൂ ഡിലിജെൻസ് സപ്ളൈ ചെയിൻ പദ്ധതികൾ പൊതുവായി റിപ്പോർട്ടു ചെയ്യുക.

പടി 1, 2 3 എന്നിവയുടെ പ്രതികരണത്തിനായി കമ്പനി എടുത്ത എല്ലാ നടപടികളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കണം.

Sponsored By

MALABAR GOLD & DIAMONDS

Almas Tower, Jumeirah Lakes Towers, PO Box 48800, Dubai, UAE | T +971 4 424 9600 | F +971 4 390 3897
E-mail: responsiblesupplychain@dmcc.ae, www.dmcc.ae